(Pages : 4) + Outline Map of India

**S 1838**

# S.S.L.C. EXAMINATION, MARCH - 2018

## SOCIAL SCIENCE

1297263

(Malayalam)

Time : 2½ Hours | Total Score : 80

**നിർദ്ദേശങ്ങൾ :**

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്.
- സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ.
- **Part-A** -യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **Part-B** -യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന **ഏതെങ്കിലും ഒരു ചോദ്യത്തിന്** മാത്രമേ ഉത്തരമെഴുതേണ്ടതുള്ളു.

Score

## PART - A

1. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, ഗാന്ധിജിയുടെ നേതൃത്വത്തിൽ, നടത്തിയ അവസാനത്തെ ബഹുജന സമരം ഏതായിരുന്നു ? 1

2. സഹകരണം, സ്വയം സഹായം, പരസ്പര സഹായം എന്ന പ്രവർത്തന തത്ത്വം ഏത് ബാങ്കിന്റേതാണ് ? 1
   (a) വാണിജ്യ ബാങ്കുകൾ
   (b) സഹകരണ ബാങ്കുകൾ
   (c) നബാർഡ്
   (d) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

3. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാരെയാണ് ? 1

4. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ്ചന്ദ്ര ബോസിന്റെ പങ്ക് വിശദമാക്കുക. 4

5. വടക്ക്-കിഴക്കൻ മൺസൂൺ കാലത്ത് തമിഴ്നാട് തീരത്ത് താരതമ്യേന കനത്ത മഴ ലഭിക്കുന്നതെന്തുകൊണ്ട് ? വടക്ക്-കിഴക്കൻ മൺസൂൺ കാലത്തെ വിളിക്കുന്ന മറ്റൊരു പേരെന്ത് ? 3

6. ഹിമാലയൻ നദികളെ സംബന്ധിച്ച തെറ്റായ പ്രസ്താവന കണ്ടെത്തിയെഴുതുക. 1
   (a) അതി വിസ്തൃതമായ വൃഷ്ടിപ്രദേശം
   (b) ഉയർന്ന ജലസേചന ശേഷി
   (c) അപരദന തീവ്രത താരതമ്യേന കുറവ്
   (d) ഗിരി കന്ദരങ്ങൾ സൃഷ്ടിച്ചൊഴുകുന്നു.

P.T.O.

PSCNET.in

Scanned by CamScanner

Score

7. രാഷ്ട്രത്തിന്റെ ആവിർഭാവത്തെ സംബന്ധിച്ച പരിണാമ സിദ്ധാന്തം വിവരിച്ച് അതിന്റെ പ്രാധാന്യം വ്യക്തമാക്കുക. 3

8. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ ഏതെല്ലാമായിരുന്നു ? 4

9. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് ഏത് സംസ്ഥാനത്തുനിന്നാണ് ? 1

10. സ്ഥിര നിക്ഷേപത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ? 3

11. നിരീക്ഷണ പഠനരീതി എന്നാലെന്ത് ? സമൂഹശാസ്ത്രപഠനത്തിൽ ഉപയോഗിച്ചു വരുന്ന രണ്ടുതരം നിരീക്ഷണങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുക. 3

12. ഉപഭോക്തൃ തർക്കത്തിൽ പരാതി നല്കാവുന്ന ഏതെങ്കിലും നാല് സന്ദർഭങ്ങൾ എഴുതുക. 4

13. ഇന്ത്യയിൽ വൻതോതിൽ ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്ന മേഖലകൾ ഏതെല്ലാം ? 3

14. ചുവടെ കൊടുത്തിട്ടുള്ള സംഭവങ്ങളെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക. 4

- ഗുരുവായൂർ സത്യാഗ്രഹം
- നിവർത്തന പ്രക്ഷോഭം
- തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരം
- വൈക്കം സത്യാഗ്രഹം

15. ചുവടെ കൊടുത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള, ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(a) കൃഷ്ണാനദി (b) ഛോട്ടാനാഗ്പൂർ പീഠഭൂമി

(c) കണ്ട്ല തുറമുഖം (d) പത്കായിബും കുന്ന്

PSCNET.in

Scanned by CamScanner

Score

## PART - B

16. ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണ പശ്ചാത്തലം എഴുതുക. 3

**അല്ലെങ്കിൽ**

ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കുന്നതിനായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടു വച്ച ആവശ്യങ്ങൾ എന്തെല്ലാം ?

17. താഴെ പറയുന്ന മർദ്ദമേഖലകൾക്കിടയിൽ വീശുന്ന ആഗോള വാതങ്ങൾ ഏതൊക്കെയെന്ന് എഴുതുക. 3

(i) ധ്രുവീയ ഉച്ചമർദ്ദ മേഖലയ്ക്കും ഉപധ്രുവീയ ന്യൂനമർദ്ദമേഖലയ്ക്കും ഇടയിൽ.

(ii) ഉപോഷ്ണ ഉച്ചമർദ്ദ മേഖലയ്ക്കും മധ്യരേഖാ ന്യൂനമർദ്ദ മേഖലയ്ക്കുമിടയിൽ.

(iii) ഉപോഷ്ണ ഉച്ചമർദ്ദ മേഖലയ്ക്കും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയ്ക്കുമിടയിൽ.

**അല്ലെങ്കിൽ**

അച്ചുതണ്ടിന്റെ സമാന്തരത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? അച്ചുതണ്ടിന്റെ സമാന്തരത ഋതുഭേദങ്ങൾക്ക് കാരണമാകുന്നതെങ്ങനെ ?

18. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക. 4

**അല്ലെങ്കിൽ**

പ്രത്യക്ഷ നികുതികൾ പരോക്ഷ നികുതികൾ എന്നിവ തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം വ്യക്തമാക്കുക.

19. സെൻട്രൽ വിജിലൻസ് കമ്മീഷനെക്കുറിച്ച് ഒരു കുറിപ്പെഴുതുക. 4

**അല്ലെങ്കിൽ**

പൗരബോധത്തിന്റെ അർത്ഥവും പ്രാധാന്യവും വിശദീകരിക്കുക.

20. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ സാഹിത്യത്തിനുള്ള പങ്ക് വ്യക്തമാക്കുക. 3

**അല്ലെങ്കിൽ**

ഇന്ത്യയുടെ സാമ്പത്തികമായ ആധുനികവൽക്കരണത്തിൽ വൻകിട അണക്കെട്ടുകൾക്കുള്ള പങ്ക് വിശദമാക്കുക.

21. പ്രാദേശിക സമയം എന്നാലെന്ത് ? ഗ്രീനിച്ച് സമയം രാവിലെ 10 മണിയാണെന്ന് സങ്കൽപ്പിച്ച് താഴെ പറയുന്ന രേഖാംശങ്ങളിലെ പ്രാദേശിക സമയം കണക്കാക്കുക. 5

(i) 45° പൂർവ്വരേഖാംശം

(ii) 30° പശ്ചിമരേഖാംശം

**അല്ലെങ്കിൽ**

ഉപോഷ്ണ ഉച്ചമർദ്ദ മേഖലകളും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലകളും രൂപപ്പെടുന്നതെങ്ങനെയെന്ന് വിശദമാക്കുക. ഈ മർദ്ദ മേഖലകൾക്കിടയിൽ വീശുന്ന സ്ഥിരവാതമേത് ?

P.T.O.

PSCNET.in

Scanned by CamScanner

Score

22. ഉദ്യോഗസ്ഥവൃന്ദത്തെ നിർവചിക്കുക. അതിന്റെ ലക്ഷ്യങ്ങളും ചുമതലകളും എന്തെല്ലാമെന്ന് വ്യക്തമാക്കുക. 4

**അല്ലെങ്കിൽ**

പൗരബോധം വളർത്തിയെടുക്കുകയും നിലനിർത്തുകയും ചെയ്യുന്നതിൽ സംഘടനകളുടെയും ജനാധിപത്യ വ്യവസ്ഥയുടെയും പങ്ക് വിവരിക്കുക.

23. ഇന്ത്യയിൽ ഗവൺമെന്റ് ചെലവുകൾ വർദ്ധിക്കാനുള്ള കാരണങ്ങൾ ഏവ ? 4

**അല്ലെങ്കിൽ**

ജനസംഖ്യാ പഠനം നടത്തുന്നത് ഗവൺമെന്റിന് ഏതെല്ലാം വിധത്തിലാണ് സഹായകരമാവുന്നത് ?

24. ചൈന ജനകീയ റിപ്പബ്ലിക്കായതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ തന്നിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക. 6

**സൂചകങ്ങൾ** :

- ചിയാങ് കൈഷക്കിന്റെ ഏകാധിപത്യം
- മാവോ സെ തുംഗ്
- ജനകീയ റിപ്പബ്ലിക്


**അല്ലെങ്കിൽ**

രണ്ടാം ലോക യുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിവരിക്കുക.

25. സൗരസ്ഥിര ഉപഗ്രഹങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(i) ശവപ്പറമ്പ്, വാസസ്ഥലങ്ങൾ എന്നിവയുടെ സ്ഥാനം 4 അക്ക റഫറൻസ് രീതിയിൽ നിർണ്ണയിക്കുക.

(ii) നീരുറവ, കിണർ എന്നിവയുടെ സ്ഥാനം 6 അക്ക റഫറൻസ് രീതിയിൽ കണ്ടെത്തുക.

- o O o -

PSCNET.in

Scanned by CamScanner